ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ആ പകുതി ഇപ്പോൾ പത്തനംതിട്ട കോടതിയുടെ അധികാരാതൃത്തിയിൽ ചേത്തിരിക്കയാണെന്ന അറിയാമോ?

ശ്രീ. എ. ജെ. ജോൺ: അറിയാം.

ശ്രീ. കണ്ണാറ ഗോപാലപണിക്കർ: ഈ പകുതി ചെങ്ങന്നൂർ മജിസ്ട്രേട്ട കോടതിയുടെ അതൃത്തിയിൽ ആക്കണമെന്ന കാണിച്ച് അപേക്ഷകൾ കിട്ടിയിട്ടില്ലേ?

ശ്രീ. എ. ജെ. ജോൺ: ഉണ്ട്. എന്നാൽ ഇതു തീരുമാനിച്ചിട്ടുള്ളതു് ഫ ഫ ഫ മീനമാസം ഫ ർ ാംന്ത കൊല്ലം ഡിസ്ട്രിക്ട് മജിസ്ട്രേട്ട് ചെങ്ങന്നൂരിൽവെച്ച് ഈ നാലു താലൂക്കുകളിലെ തഹശീൽദാരന്മാരേയും ചെങ്ങന്നൂർ എ. എസ്സ്. പി. യേയും വിളിച്ചുവരുത്തി ഒരു കോൺഫ്റൻസ് നടത്തിയശേഷമാണ്. ആ കോൺഫ്റൻസിൽവെച്ചാണ് ഈ അതൃത്തികളെല്ലാം നിശ്ചയിച്ചിട്ടുള്ളതു്. സ്ഥലവാസികൾക്ക് ഇനിയും അതേപ്പറ്റി സങ്കടമുണ്ടെങ്കിൽ കൂടുതൽ സൗകര്യമായി അതൃത്തികൾ തിരിക്കാമോ എന്നുള്ളകാര്യം ആലോചിക്കാവുന്നതാണ്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ആ കോൺഫ്റൻസിൽ പൊതുജന പ്രതിനിധികളായിട്ട് ആരെങ്കിലും ഉണ്ടായിരുന്നോ?

ശ്രീ. എ. ജെ. ജോൺ: പൊതുജനങ്ങളുടെ എല്ലാ നിവേദനങ്ങളും പരിഗണിച്ചിട്ടാണ് ആ കോൺഫ്റൻസ് ഇങ്ങനെ തീരുമാനിച്ചിട്ടുള്ളതു്.

ശ്രീ. എ. കെ. പാച്ചുപിള്ള: ഈ കാര്യത്തെസംബന്ധിച്ച് ചെങ്ങന്നൂർ ബാർ അസോസിയേഷന്റെ അഭിപ്രായം പരിഗണിച്ചിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: അതും പരിഗണിച്ചിട്ടുണ്ടായിരിക്കണം.

ശ്രീ കണ്ണാറ ഗോപാലപ്പണിക്കർ: ആ കോൺഫ്റൻസിലെ തീരുമാനത്തിനുശേഷം വല്ല നിവേദനവും കിട്ടിയിട്ടുണ്ടോ?

ശ്രീ. എ. ജെ. ജോൺ: ഉണ്ട്. ശ്രീ. കണ്ണാറ ഗോപാലപണിക്കർ മുഖാന്തിരംതന്നെ ചില നിവേദനങ്ങൾ കിട്ടിയിട്ടുണ്ട്.

Sri. P. Balakrishnan Tampi: May I know whether the inconvenience adverted to by my friend Mr. Kannara Gopala Panickar can be removed by shifting the First Class Magistrate's Court from Chengannur to Mavelikara?

Sri. A. J. John: Government will consider that aspect also.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഒരു കോടതി സ്ഥാപിക്കുന്നതു് ജനങ്ങളുടെ സൗകര്യത്തെ ഉദ്ദേശിച്ചാണോ, അസൗകര്യത്തെ ഉദ്ദേശിച്ചാണോ? (No answer)

കോടതി അതൃത്തി

* ഫ ഫ ൽ. (ന) ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട നിയമവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ചെങ്ങന്നൂരിനു് രണ്ടു മൈലിനടുത്തുള്ള ആറൻമുള പകുതിയും, നലു മൈൽ അകലമുള്ള പന്തളം വടക്കേക്കര പകുതിയും ഏതു് ഒന്നാം ക്ലസ്സ് മജിസ്ട്രേട്ടകോടതിയുടെ അതൃത്തിയാണ്?

(ബി) അങ്ങിനെ എടുപ്പെട്ടതിയിരിക്കുന്നതു് കക്ഷികൾക്ക വളരെ അസൗകര്യമാണെന്നുള്ള വസ്തുത ഗവൺമെൻറിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ?

(സി) തിരുവല്ലാ താലൂക്കിൽപ്പെട്ട എതു പകുതികൾ പത്തനംതിട്ട ഒന്നാംക്ലാസ്സ് മജിസ്ട്രേട്ടകോടതിയുടെ അതൃത്തിയിൽ ചേത്തിട്ടുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly

ധനകാര്യവും, റവന്യൂവും വകുപ്പു മന്ത്രി (ശ്രീ. എ. ജെ. ജോൺ):

(എ) പത്തനംതിട്ട ഒന്നാംക്ലാസ് മുൻസിഫ് കോടതിയുടെ അധികാരത്തിൽ.

(ബി) അറിവില്ല.

(സി) അഞ്ചു പകുതികൾ.

(ഡ) ആറന്മുള, (ഢ) പന്തളം വടക്കേക്കര, (ണ) തോട്ടപ്പുഴശ്ശേരി, (ത) അയിരൂർ, (ഥ) എഴമല്ലൂർ.

വിൽപ്പനകാളകൾ

*ഫ്രാ. ൦. (ദ) ശ്രീമതി ദേവകി ഗോപിദാസ്: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട കൃഷിവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

ഗവൺമെന്റുവക വിൽപ്പനകാളകൾക്ക് ഒരു ദിവസത്തേയ്ക്ക് തീറ്റിചിലവിനത്തിൽ എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത്?

വിദ്യാഭ്യാസവും, ക്ഷീരവും, തൊഴിലും വകുപ്പുമന്ത്രി (ശ്രീ. ടി. കെ. നാരായണപിള്ള):

ഒരു രൂപ എട്ടണ.

ശ്രീ. ദേവകി ഗോപിദാസ്: ഈ തുക തീരെ അപര്യാപ്തമാണെന്നു ഗവൺമെന്റിനു് അറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: സാധാരണഗതിയിൽ ഇതു് മതിയാകുമെന്നാണു് ഗവൺമെൻറു് മനസ്സിലാക്കുന്നതു്.

ശ്രീ. ദേവകി ഗോപിദാസ്: സാധനങ്ങളുടെ വിലകൂടുതൽകൊണ്ടു് ഈ തുക ഇപ്പോൾ തീരെ മതിയാകാത്തതാണെന്നു ഗവൺമെൻറിനു് മനസ്സിലായിട്ടില്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള: ഈ തുക മതിയാകുമെന്നാണു് ഗവൺമെൻറിനെ ധരിപ്പിച്ചിരിക്കുന്നതു്.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: ഗവൺമെൻറുവകയായി ആകെ എത്ര വിൽപ്പനകാളകൾ ഉണ്ടെന്നു പറയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള: ഈ സംസ്ഥാനത്തു വിൽപ്പനകാളകൾ ധാരാളമുണ്ടെന്നറിയാം. ഗവൺമെൻറുവകയായി എത്രയെണ്ണമുണ്ടെന്നു ഇപ്പോൾ പറയാൻ നിവൃത്തിയില്ല.

ശ്രീ. കണ്ണാറ ഗോപാലപ്പണിക്കർ: വിൽപ്പനകാളകളെ ഇനിയും ഇറക്കുമതിചെയ്യാൻ ആലോചനയുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള: നല്ല ഇനം കാളകളെ പുറത്തുനിന്നും വരുത്തുന്നതിനു് ഏർപ്പാടുകൾ ചെയ്തിട്ടുണ്ടു്.

ശ്രീ. എ. ചിദംബരനാഥ നാടാർ: ஒரு விற்குக்காளையிலிருந்து சராசரி என்ன வருமானம் கிடைக்கும்?

ശ്രീ. ടി. കെ. நாராயண பிள்ளை: எவ்வளவு என்று இப்பொழுது சொல்ல முடியாது.

തൊഴിലാളി പ്രീകരം

*ഫ്രാ. ൨. (ഭ) ശ്രീമതി ദേവകി ഗോപിദാസ്: താഴെ പറയുന്ന ചോദ്യത്തിനു് ബഹുമാനപ്പെട്ട തൊഴിൽ വകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

LIBRARY ARCHIVES Kerala Legislative Assembly